ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സാമ്പത്തികബാധ്യതയല്ല പ്രശ്നം. നീതിപൂർവം ചെയ്യുമ്പോൾ കൊടുക്കേണ്ടതാണെങ്കിൽ സാമ്പത്തികബാധ്യത യുണ്ടെങ്കിലും കൊടുക്കേണ്ടിവരും. മറ്റുള്ളവരെ എങ്ങനെ ബാധിക്കുമെന്നു നോക്കേണ്ടതുണ്ട്. ഭൂരിപക്ഷം ആളുകളെസംബന്ധിച്ചിടത്തോളം 'ബി' യിൽനിന്നു തിരച്ചുപോകാൻ അവസരവുംകൊടുത്തിട്ടുണ്ട്; ചെറിയവിഭാഗം ആളുകളേ ഉള്ളൂ. അവർക്കു കുറെക്കൂടി ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുമോ എന്നാണു പരിശോധിക്കുന്നത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: 14 ബി ഓപ്റ്റുചെയ്തിട്ടുള്ള എല്ലാവർക്കും 55-നുമേലുള്ള സർവീസിന്റെ പ്രശ്നമില്ല. വളരെ പരിമിത മായ സംഖ്യയേ ഉള്ളൂ. അങ്ങനെ ഒരു ന്യൂനപക്ഷത്തിനു നൽകിയിരിക്കുന്ന ആനുകൂല്യങ്ങൾമൂലം ഡി. എ. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസര ത്തിൽ അധ്യാപകപ്രതിനിധികളെ എത്രയുംവേഗം വിളിച്ച് ഈ പ്രശ്നം ചർച്ച ചെയ്തു തീരുമാനിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ വാദങ്ങൾക്കെല്ലാം മറുപടി പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. എ. കെ. അപ്പു: 14സി ഓപ്റ്റുചെയ്തിട്ടുള്ളവർക്ക് 58 വയ സ്സുവരെ തുടരാം. അപ്പോൾ രണ്ടുവർഷത്തിന്റെ വ്യത്യാസമേയുള്ളൂ എന്നതു പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വയസ്സിന്റെ കാര്യത്തിൽ എന്തെ കിലും നീട്ടിക്കൊടുക്കണമെന്നാണു താൽപര്യമെങ്കിൽ അതു പരിഗണിക്കുക യില്ല.

ശ്രീ. എ. കെ. അപ്പു: 14സി നടപ്പാക്കിയ അവസരത്തിൽ 58 വരെ പോകാൻ അധ്യാപകനു് അനുവാദം കൊടുത്തു. ആ അധ്യാപകരെ പിന്നെ ബിയിലേയ്ക്ക് പോകാൻ അനുവദിച്ചില്ല. അവർക്ക് 58 വരെ പോകാ മെന്നു് കോടതിവിധിയുണ്ടായിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ 58 വയ സ്സുവരെ തുടരാൻസാധ്യതയുണ്ടാകുകയും നിയമത്തെത്തന്നെ പരാജയപ്പെടു ത്തുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പരിഗണിക്കുമോ എന്നാണു ചോദിച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിയമത്തെ പരാജയപ്പെടുത്തുന്ന സ്ഥിതിവിശേഷം വന്നാൽ ആലോചിക്കാം. അങ്ങനെയുള്ള സ്ഥിതിവിശേഷം വന്നതായി എനിക്കു തോന്നുന്നില്ല.

മി. സ്പീക്കർ: ചോദ്യം 505 ന് നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ള താണ്.

കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രം

*144 (506) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കുമെന്നു ഗവൺമെന്റിന് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ;

(ബി) കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രം പ്രവർത്തനമാരംഭിക്കു മ്പോൾ ഈ വ്യവസായത്തെ അടിസ്ഥാനമാക്കി എന്തെങ്കിലും ഉപവ്യവസായ ങ്ങൾ കേരളത്തിൽ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങളാണ്;

(ഡി) ഇത്തരം ഉപവ്യവസായങ്ങളും കേരളത്തിൽത്തന്നെ സ്ഥാപിച്ചു കിട്ടുവാൻ ഗവൺമെൻറു വല്ല പരിശ്രമവും നടത്തിയിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) വ്യവസായങ്ങളുടെ വിശദാംശങ്ങളെപ്പറ്റി പറയാറായിട്ടില്ല.

(ഡി) കപ്പൽ നിർമ്മാണ കേന്ദ്രത്തിന്റെ പണി ആരംഭിച്ചതിനു ശേഷം ഇക്കാര്യത്തിൽ വേണ്ട നടപടികളും എടുക്കുന്നതാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ പണിക്കു വേണ്ടി ഈ വർഷത്തെ കേന്ദ്രബഡ്ജറിൽ എന്തെങ്കിലും തുക ഉൾക്കൊള്ളിച്ചിട്ടുണ്ടോ? അതിനെപ്പറ്റി ഗവൺമെൻറിനു വല്ല വിവരവുമുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: 1970–71 ലെ കേന്ദ്രഗവൺമെൻറിന്റെ ബഡ്ജറിൽ കൊച്ചി കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ പണിക്കുവേണ്ടി തുക ഉൾക്കൊള്ളിച്ചിട്ടുള്ളതായി അറിയുന്നു. അത് എത്രയാണെന്ന് ഇപ്പോൾ കൃത്യമായി അറിഞ്ഞുകൂടാ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കൊച്ചി കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പണി ഈ വർഷംതന്നെ ആരംഭിക്കുമെന്നു പ്രതീക്ഷിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: മിക്കവാറും ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്.

ശ്രീ. എം. കെ. എ. ഹമീദ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കപ്പൽ നിർമ്മാണ കേന്ദ്രത്തിന്റെ പണി ആരംഭിച്ചതിനുശേഷം ഉപവ്യവസായങ്ങളും തുടങ്ങാനുള്ള നടപടികളും എടുക്കുമെന്നാണ്. എന്റെ അഭിപ്രായത്തിൽ അങ്ങിനെ തുടങ്ങുന്നത് അപകടകരമാണ്. കാരണം ഉപവ്യവസായങ്ങളും ഏതെല്ലാമെന്ന് നേരത്തെകൂട്ടി തീരുമാനിച്ചില്ലെങ്കിൽ ആ വ്യവസായങ്ങളും തുടങ്ങുന്നതിനു പിന്നെയും കാലതാമസം ഉണ്ടാകും. 1967-ലെ വ്യവസായനയത്തിൽ ചെറുകിട വ്യവസായങ്ങളും തുടങ്ങാൻ സഹായിക്കുന്ന പ്രോജക്ട് റിപ്പോർട്ടുകളും സൗജന്യമായി ഉണ്ടാക്കിക്കൊടുക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വ്യവസായങ്ങളാണു തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നുള്ളതിനെപ്പറ്റി ക്ലിപ്തപ്പെടുത്തി അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകളും കാലേകൂട്ടി ഉണ്ടാക്കാനുള്ള ഏർപ്പാടുകളും വ്യവസായഡിപ്പാർട്ടുമെൻറിനെക്കൊണ്ടു ചെയ്യിക്കാൻ ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് ചില ഉപവ്യവസായങ്ങളും തുടങ്ങുന്നതിനുള്ള നടപടികളും നേരത്തെ എടുത്തിട്ടുണ്ട്. ഉപവ്യവസായങ്ങളും ഏതെല്ലാമായിരിക്കണമെന്നും, അതിൽനിന്നുണ്ടാക്കുന്ന സാധനങ്ങളും എന്തെല്ലാം ഷിപ്പ്ബിൽഡിംഗിനു് എടുക്കാൻ സാധിക്കുമെന്നുമുള്ളതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. ഇതിനെപ്പറ്റി അവസാന തീരുമാനം ഇൻഡ്യാ ഗവൺമെൻറിൻറ ഭാഗത്തുനിന്നും പുറപ്പെടുവിക്കാത്തതുകൊണ്ടാണ് മുന്നോട്ടു പോകാത്തത്. അനുവൺസ്മെൻറുണ്ടാകുമ്പോൾ പ്രോജക്ട് റിപ്പോർട്ടു പൂർത്തിയാക്കാനും, അങ്ങനെ ഉപവ്യവസായങ്ങളും വളരെ വേഗത്തിൽ തുടങ്ങാനും കഴിയുമെന്നാണ് ഗവൺമെൻറു കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: കൊച്ചി കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പണിക്കായി ആദ്യം അറുപതു കോടി രൂപ അനുവദിക്കുകയും പ്രോജക്ടു റിപ്പോർട്ട് ഉണ്ടാക്കി കുറെനാൾ കഴിയുകയും ചെയ്തതിനു ശേഷം, ആ തുക മുപ്പത് മുപ്പത്തിയഞ്ചുകോടി രൂപയായി കുറച്ചിരിക്കുകയാണ്. അതുകൊണ്ട് കപ്പൽ നിർമ്മാണ കേന്ദ്രത്തിൽ വലിയ കപ്പലുകൾ ഉണ്ടാക്കാൻ സാധിക്കുകയില്ലെന്നും അതൊരു ബോട്ട് വ്യവസായശാലയായി തീരാനാണ് സാദ്ധ്യതയെന്നും ഉള്ള അഭിപ്രായങ്ങൾ പൊതുജനങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. അതിനെസംബന്ധിച്ച് എന്തെങ്കിലും അറിയാമോ?

ശ്രീ. പി. രവീന്ദ്രൻ: ആദ്യം തയാറാക്കിയ പ്രോജക്ടു റിപ്പോർട്ട് പിന്നീട് റിവൈസ് ചെയ്തു. റിവൈസ് ചെയ്ത റിപ്പോർട്ടാണ് ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. ആദ്യം ഉണ്ടായിരുന്നതിനെക്കാൾ സ്വൽപം കുറവാണ് ഇപ്പോഴുള്ളതെന്നാണ് അറിയുന്നത്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ആദ്യം അറുപത് കോടി രൂപ അലോട്ടു ചെയ്തത് പിന്നീട് മുപ്പതു മുപ്പത്തിയഞ്ച് കോടി രൂപയായി കുറയ്ക്കാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ? അങ്ങിനെയുണ്ടായിട്ടുണ്ടെങ്കിൽ ആ വ്യത്യാസത്തിനുള്ള കാരണം എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: ആദ്യത്തെ പ്രോജക്ടു റിപ്പോർട്ട് അതേപടി അംഗീകരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് റിവൈസ് ചെയ്യാനുള്ള നടപടികളെടുത്തത്. അതിനുശേഷം ജാപ്പനീസ് വിദഗ്ധൻമാർ ഇവിടെ വരുകയും ഇതിനെപ്പറ്റി പഠിക്കുകയും പ്രോജക്ട് റിപ്പോർട്ട് റിവൈസ് ചെയ്കയും ചെയ്തു. അതിന്റെ ഫലമായി നിർമ്മിക്കാൻ പോകുന്ന കപ്പലിന്റെ വലുപ്പത്തിലും വ്യത്യാസം വരുമായിരിക്കും.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈ പദ്ധതിയുമായി സഹകരിക്കുന്ന ജാപ്പനീസ് വിദഗ്ധൻമാർ നടത്തിയ പര്യവേക്ഷണത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് മന്നൂറോളം ഉപവ്യവസായങ്ങൾ തുടങ്ങാൻ സാധിക്കുമെന്നാണ്. കപ്പൽ നിർമ്മാണ കേന്ദ്രത്തിന്റെ പണി തുടങ്ങികഴിഞ്ഞതിനുശേഷം ഈ ഉപവ്യവസായങ്ങൾ ആരംഭിക്കാൻ ശ്രമിച്ചാൽ ശ്രീ. ഹമീദ് പറഞ്ഞതുപോലെ വളരെയേറെ കാലതാമസം ഉണ്ടാകും. മന്നൂറോളം ഉപവ്യവസായങ്ങൾ തുടങ്ങുകയാണെങ്കിൽ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മയ്ക്ക് ഒട്ടുവളരെ പരിഹാരം ഉണ്ടാകും. അതുകൊണ്ട് ആ വിഭാഗം കുറച്ചു കാര്യക്ഷമമായി അന്വേഷണം നടത്തി, നമ്മുടെ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്നതിന് ആവശ്യമായ നടപടികളെടുക്കുന്നതിന് തയാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഞാൻ നേരത്തെ പറഞ്ഞതാണ്, ഇരുന്നൂറിലധികം ഉപവ്യവസായങ്ങൾ തുടങ്ങാൻ സാധിക്കുമെന്ന് പ്രോജക്ട് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കപ്പൽനിർമ്മാണത്തിനാവശ്യമായ കുറേ സാധനങ്ങൾ ഉപവ്യവസായങ്ങളിൽനിന്നും കിട്ടുമെന്നും പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളും വളരെയധികം സ്വീകരിച്ചിട്ടുണ്ട്. കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് ഇൻഡ്യാഗവൺമെന്റിൽനിന്നും പ്രഖ്യാപനം വരാത്തതുകൊണ്ടാണ് മുന്നോട്ടു പോകാത്തത്. പ്രഖ്യാപനം ഉണ്ടായിക്കഴിഞ്ഞാൽ വളരെവേഗം മുന്നോട്ടുപോകുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകളും തയാറാക്കിയിട്ടുണ്ട്. ആദ്യമേ ഉപവ്യവസായങ്ങൾ തുടങ്ങണമെന്നു പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗംഗാധരൻ: കപ്പൽനിർമ്മാണ കേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കാൻ പോകുന്നുവെന്ന് കേന്ദ്രഗവൺമെന്റിന്റെ പ്രഖ്യാപനം ഉണ്ടായതിനുശേഷമുള്ള എല്ലാ കൊല്ലവും, അതിന്റെ പണി ഇക്കൊല്ലം തുടങ്ങും, ഇക്കൊല്ലം തുടങ്ങുമെന്നു കേന്ദ്രഗവൺമെന്റിന്റെ വക്താക്കളും ഇവിടത്തെ ഗവൺമെന്റും ഉറപ്പു പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതുവരെയായിട്ടും അത് തുടങ്ങി കാണുന്നില്ല. ഉടനെതന്നെ കപ്പൽനിർമ്മാണത്തിന്റെ പണി തുടങ്ങുമെന്നു പറഞ്ഞു ആ സ്ഥലത്തിനുചുറ്റുപാടും താമസിച്ചിരുന്ന ആളുകളെ ഒഴിപ്പിച്ചിട്ട് ആ വീടുകൾ ഇപ്പോൾ മറ്റുള്ളവർക്ക് വാടകയ്ക്ക് കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുകയാണ്. അതിന്റെ പണി എപ്പോൾ തുടങ്ങുമെന്ന് ഔദ്യോഗികമായി ഉത്തരവു കിട്ടുന്നതുവരെ അതിനു ചുറ്റുമുള്ളവരെ അവിടെനിന്നും ഒഴിപ്പിക്കാതെ താമസിക്കുന്നതിനുള്ള അനുവാദം കൊടുക്കുമോ? ആളുകളെ ദ്രോഹിക്കുന്ന വിധത്തിലുള്ള നടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുമ്പോൾ ഇപ്പോൾ അവിടങ്ങളിലുള്ള ജനങ്ങൾക്ക് ഇതുമൂലം വല്ലാത്ത ബുദ്ധിമുട്ടുണ്ടായിരിക്കുകയാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ മാറിതാമസിക്കുന്നതിന് വേറെ സ്ഥലം കിട്ടാൻ വളരെയധികം പ്രയാസവുമാണ്. അതുകൊണ്ട് ഔദ്യോഗികമായി ഉറപ്പു കിട്ടുന്നതുവരെ അവിടെനിന്നും ആളുകളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നിറുത്തിവയ്ക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ പണി തുടങ്ങാനുള്ള ഔദ്യോഗികപ്രഖ്യാപനം വളരെ താമസിയാതെ ഉണ്ടാകുമെന്നാണ് ഗവൺമെന്റു പ്രതീക്ഷിക്കുന്നത്. ഇതിനുമുമ്പും പല പ്രാവശ്യം പ്രതീക്ഷിച്ചുവെങ്കിലും ഈ പ്രാവശ്യം നടത്തത്തക്കവിധത്തിലുള്ള പ്രഖ്യാപനം ഇൻഡ്യാഗവൺമെന്റിൽനിന്നും ഉണ്ടാകുമെന്ന്. ന്യായമായി പ്രതീക്ഷിക്കാം. ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിൽ വല്ല ബുദ്ധിമുട്ടുകളും ഉണ്ടെങ്കിൽ അതിനെസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. ഇ. ജോൺജേക്കബ്: നമ്മുടെ സംസ്ഥാന ഗവൺമെന്റു പ്രാരംഭമായി ചെയ്യേണ്ട സംഗതികളും മുഴുവനും ചെയ്തോ? ചെയ്തില്ലെങ്കിൽ ഉടനെ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ? ഇല്ലെങ്കിൽ കേന്ദ്രഗവൺമെന്റ് ഇനി ആ കാരണം പറഞ്ഞ് ഉഴപ്പാൻ ശ്രമിക്കും. അതുകൊണ്ട് ആവശ്യമായ നടപടികളെടുക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: സംസ്ഥാന ഗവൺമെന്റു ചെയ്യേണ്ടതു ചെയ്യാതെ ഇരുന്നതുകൊണ്ടല്ല ഇതിന്റെ പണിതുടങ്ങാതെ നീണ്ടുപോകുന്നത്. ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. ജോർജ്ജ്: ഇതിൽ സഹകരിക്കുന്ന ജപ്പാൻ കമ്പനിക്കാർ കഴിഞ്ഞ ജനുവരിമാസം ഡൽഹിയിൽ വരികയും കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പണി ആരംഭിക്കണമെന്നുള്ളതിനെസംബന്ധിച്ച് ചർച്ചകൾ നടത്തിയെന്നുമാണ് അറിയുന്നത്. ഈ ഗവൺമെന്റിന് അതിനെസംബന്ധിച്ചു വല്ല വിവരവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിനെസംബന്ധിച്ചുള്ള വിവരം കിട്ടിയിട്ടില്ലെന്നു ഞാൻ നേരത്തെ പറയുകയുണ്ടായി. ചർച്ചകളുടെ അടിസ്ഥാനത്തിൽ അതിനെസംബന്ധിച്ചുള്ള പ്രഖ്യാപനം താമസിയാതെ ഉണ്ടാകുമെന്നു ഗവൺമെന്റു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കൊച്ചി കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പ്രവർത്തനഫലമായി ലഭിക്കുന്ന ജോലിക്ഷമത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിന്റെ വ്യക്തമായ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. ബി. മാധവൻനായർ: അധികം ചുമതലയും ജോലിതിരക്കും ഉണ്ടെങ്കിലും രാജ്യത്തിന്റെ മുഖച്ഛായതന്നെ മാറുന്നതിന് പര്യാപ്തമായ കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ ഔദ്യോഗികമായ പ്രഖ്യാപനം കേന്ദ്ര ഗവൺമെന്റിൽനിന്നും താമസിയാതെ ഉണ്ടാകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ താൽപര്യം എടുത്ത് ആ സ്ഥാപനം ഉടനെ തന്നെ ആരംഭിക്കുന്നതാണെന്ന് ജനങ്ങൾക്ക് ഉറപ്പു നൽകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇൻഡ്യൻ പ്രധാനമന്ത്രിയോടും മറ്റു പല മന്ത്രിമാരോടും ഇതിനെസംബന്ധിച്ചു നിവേദനം നടത്തിയിരുന്നു. വളരെ വേഗം ഇതിനെസംബന്ധിച്ചുള്ള പ്രഖ്യാപനം ഉണ്ടാകുമെന്നാണ് അവരിൽ നിന്നും കിട്ടിയ ധാരണ.

ശ്രീ. എ. പി. കുഞ്ഞമ്പു: കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ ശ്രദ്ധയെ ആകെ തിരിച്ച് വിടത്തക്കവണ്ണം മിത്സുബിഷി കമ്പനിക്കാർ കൊച്ചി ഹാർബറിന്റെ വികസനത്തിനുവേണ്ടി ശ്രമിക്കുന്നുണ്ടെന്നുള്ളവിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മി. സ്പീക്കർ: ചോദ്യം 507 പോലീസു നയം ഗവൺമെന്റു നയത്തെ പ്രതിപാദിക്കുന്ന ചോദ്യം അനുവദിക്കാൻ പാടില്ലാത്തതാണ്. എങ്കിലും വന്ന സ്ഥിതിക്ക് അതു ചോദിക്കാൻ ഞാൻ അനുവദിക്കുന്നു.

പോലീസുനയം

* 145. (507) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റിന്റെ പോലീസു നയവും ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്നപ്പോൾ ഉള്ള പോലീസു നയവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) അടിസ്ഥാനപരമായി വ്യത്യാസമൊന്നുമില്ല.

വെടിവയ്പുകളെക്കുറിച്ചുള്ള അന്വേഷണം

* 146. (508) ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് വിഴിഞ്ഞം, പൂവ്വാർ, കാസർകോട്, അഞ്ചൽ, കുളമാവ്, വീയപുരം എന്നീ സ്ഥലങ്ങളിൽ നടന്ന വെടിവയ്പുകളെക്കുറിച്ചു അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly